# സ്ത്രീകൾക്കും പെൺകുട്ടികൾക്കും
# ആയോധന പരിശീലനം

അതിക്രമങ്ങളെ ചെറുക്കാനായി സ്ത്രീകൾക്കും പെൺകുട്ടികൾക്കും പരിശീലനം നല്കുന്ന ആയോധന പരിശീലന കേന്ദ്രത്തിൻെറ പ്രവർത്തനം തുടങ്ങി. കോഴിക്കോട് സിറ്റി വനിതാ സെല്ലിൻെറ നേതൃത്വത്തിലാണ് കമ്മീഷണർ ഓഫീസ് കോംപ്ലക്സിൽ പരിശീലന കേന്ദ്രം ആരംഭിച്ചിട്ടുള്ളത്.

ഒറ്റപ്പെട്ടു പോകുന്ന സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ നിന്ന് അവർക്ക് രക്ഷപ്പെടാനാകുന്നതും സ്വയം പ്രതിരോധിക്കാനാകുന്നതുമായ പത്ത് ആയോധന വിദ്യകളാണ് ഇവരെ വുമൻ സെൽഫ് ഡിഫൻസ് ട്രെയിനിംഗ് സെൻറർ എന്ന ഈ പരിശീലന കേന്ദ്രത്തിൽ രണ്ട് ദിവസം കൊണ്ട് പഠിപ്പിക്കുക. ഇതിനായി 25 വനിതാ സിവിൽ പോലീസ് ഓഫീസർമാർക്ക് ആവശ്യമായ പരിശീലനം നൽകി സജ്ജരാക്കിയിട്ടുണ്ട്. ഒരേ സമയം 40 പേർക്ക് പരിശീലനം നൽകാനാകുന്ന ഹാളാണ് സജ്ജീകരിച്ചിട്ടുള്ളത്.

പരിശീലന കേന്ദ്രം ജില്ലാ പോലീസ് മേധാവി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തോടനുബന്ധിച്ച് നഗരത്തിലെ രണ്ട് വനിതാ കോളജുകളിൽ നിന്നായി 60 പെൺകുട്ടികൾക്ക പരിശീലനം നൽകി.